**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5337** **21-07-2022 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന നിയമ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കെ. പി. എ. മജീദ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന നിയമത്തിന് അനുസൃതമല്ലാതെ നെയിം ബോർഡുകളും ലൈറ്റുകളും സ്ഥാപിക്കുന്ന വാഹനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; | (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന നിയമത്തിന് അനുസൃതമല്ലാത്ത നെയിം ബോർഡുകളും, ലൈറ്റുകളും സ്ഥാപിക്കുന്ന വാഹനങ്ങൾക്ക് ചെലാൻ നൽകി പിഴ അടപ്പിക്കുകയും, നിയമ വിരുദ്ധമായി വാഹനത്തിൽ ഘടിപ്പിച്ചിട്ടുള്ള ഭാഗങ്ങൾ അഴിച്ചുമാറ്റി പരിശോധനയ്ക്ക് ഹാജരാക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | സർക്കാർ, സ്വകാര്യ വാഹനങ്ങൾ മോട്ടോർ വാഹന നിയമത്തിന് അനുസൃതമായ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്ന് ഹൈ ക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എങ്കിൽ ഹൈക്കോടതി നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | 1988-ലെ മോട്ടോർ വാഹന നിയമത്തിലെയും 1989 -ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെയും 2017 -ലെ മോട്ടോർ വാഹന (ഡ്രൈവിംഗ്) റെഗുലേഷനിലെയും വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ബഹു. സുപ്രീം കോടതിയും ബഹു. ഹൈക്കോടതിയും പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട്, അനധികൃത Lighting സ്ഥാപിക്കുക, Fitness Certificate ഇല്ലാതെ സർവ്വീസ് നടത്തുക എന്നിവക്കുപുറമെ, Unauthorised Alteration, Unlawful Displaying of registration Mark, Unauthorised use of name boards, Using Cooling films on the glasses, Not providing Door shutters in Stage Carriages / Contract carriages തുടങ്ങിയ നിയമലംഘനങ്ങൾ തടയുന്നതും ലക്ഷ്യമിട്ടുകൊണ്ട്, മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ ആൽഫ' എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ് 06/05/2022 മുതൽ 12/05/2022 വരെയും 25/05/2022 മുതൽ 05/06/2022 വരെയും |

| | | | |
|---|---|---|---|
| | | | നടത്തിയിരുന്നു. കൂടാതെ, നിയമം ലംഘിക്കുന്ന വാഹന ഉടമകൾക്കെതിരെ ഇ-ചെലാൻ വഴി കേസെടുക്കുകയും പിഴ അടപ്പിക്കുകയും ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ